| 01–09–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, ദേഹസഹിതം എല്ലാറ്റിന്റേയും ഓർമ്മ മറന്ന്, ബാബ എന്താണോ ഏതുപോലെയാണോ, യഥാർത്ഥ രീതിയിൽ തിരിച്ചറിഞ്ഞ് സ്വയത്തെ ബിന്ദുവാണെന്ന് മനസ്സിലാക്കി ബിന്ദുരൂപത്തിലൂടെ ബാബയെ ഓർമ്മിക്കൂ.**

**ചോദ്യം** – ഏത് ജ്ഞാനം ഈ സമയത്ത് ബാബയിലൂടെ മാത്രം നിങ്ങൾക്ക് ലഭിക്കുന്നു, അത് വേറെ ആർക്കും നൽകാൻ സാധിക്കില്ല?
**ഉത്തരം** – നിങ്ങൾ സ്ത്രീയും പുരുഷനും ഒരുമിച്ച് വസിച്ചുകൊണ്ടും ഗൃഹസ്ഥവ്യവഹാരത്തെ സംരക്ഷിച്ചുകൊണ്ട് പവിത്രമായിരിക്കൂ , ഈ ജ്ഞാനം ഇപ്പോൾ ഈ സമയത്ത് ബാബ നമ്മൾക്ക് നൽകുകയാണ്, വേറെ ആർക്കും ഈ ജ്ഞാനം നൽകാൻ സാധിക്കില്ല. നിങ്ങൾക്ക് ദാനം ചെയ്യേണ്ടത് 5 വികാരങ്ങളെയാണ് . എന്നാൽ ഇതിൽ മുഖ്യമായത് കാമമാണ്, ഇതിന്റെ മേൽ പരിപൂർണ്ണമായും വിജയം പ്രാപിക്കണം. സർവ്വശക്തിവാനായ ബാബയുടെ ഓർമ്മയും ശ്രീമത്തും പാലിക്കുന്നതിലൂടെയാണ് ശക്തി ലഭിക്കുന്നത്.

**ഗീതം** – ദു:ഖികളോട് ദയ കാണിക്കൂ.

**ഓം ശാന്തി** – ആ അച്ഛൻ തന്നെ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആരാണ് ഈ അച്ഛൻ? ഇത് കുട്ടികൾക്കറിയാം, ആരുടെ സന്മുഖത്താണ് ഇരിക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയോഗം പരിധിയില്ലാത്ത അച്ഛന്റെ നേർക്കാണ്. ബുദ്ധിയുടെ യോഗം ഇപ്പോൾ പരിധിയുള്ള അച്ഛനിൽ നിന്നും മുറിക്കണം. മുഴുവൻ ലോകത്തിലും ആരെല്ലാം മിത്രസംബന്ധികളുണ്ടോ, ഈ ദേഹത്തെയും ലോകത്തെയും എല്ലാം മറക്കണം. ഇത് ബാബയുടെ നിർദ്ദേശമാണ് ലഭിക്കുന്നത്. ബാബ കുട്ടികളെ ഒരിക്കലും മറക്കുന്നില്ല. ബാബ പറയുകയാണ് ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഭക്തരെ ഞാൻ സംരക്ഷിച്ചുകൊണ്ടേ വന്നു. പക്ഷേ ഡ്രാമയനുസരിച്ച് നിങ്ങൾ കുട്ടികൾക്ക് മറക്കണം. മറപ്പിച്ചത് മായയാണ്. നമ്മൾ ആത്മാക്കളാണ് – ഇതും രാവണൻ മറപ്പിക്കുന്നു. ദേഹാഭിമാനിയാക്കി മാറ്റുന്നു. ഇത് നിങ്ങൾ കുട്ടികളുടെ പാർട്ടാണ്. അവിടെ നിങ്ങൾ കേവലം ബാബയെ മാത്രമല്ല മറക്കുന്നത്, മറിച്ച് ബാബ എന്താണോ എങ്ങിനെയാണോ, ആ ബാബയുടെ ഓർമ്മയും സുഖം കൊടുക്കുന്ന ജ്ഞാനവും മറക്കുന്നു.

ഇപ്പോൾ നിങ്ങൾക്കറിയാം ബാബ കൽപകൽപം വരികയാണ്. ബാബ എങ്ങിനെയാണ് – ഇതും ബുദ്ധിയിൽ ധാരണ ചെയ്യണം. മനുഷ്യർ ശിവലിംഗത്തിന്റെ വലിയ ചിത്രം ഉണ്ടാക്കിയിട്ടുണ്ട്. മററെല്ലാവരുടെയും ചിത്രങ്ങളൊക്കെ ശരിയാണ്. ബ്രഹ്മാ വിഷ്ണു ശങ്കരന്റെ ചിത്രവും ശരിയാണ്, ക്ഷേത്രങ്ങളിൽ പൂജിക്കാറുണ്ട്, പക്ഷേ പരംപിതാ പരമാത്മാവിന്റെ നാമം, രൂപം, ദേശം, കാലം എന്താണോ, അത് മറക്കുന്നു. ചിത്രവും മറക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു ആത്മാവ് ബിന്ദുരൂപമാണ്. നക്ഷത്രം പോലെ ബിന്ദുവാണ്. ഭൃകുടി മദ്ധ്യത്തിൽ വസിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ആത്മാവാണ്. ശരീരത്തിൽ ഭൃകുടിമദ്ധ്യത്തിലാണ് ആത്മാവിന്റെ സ്ഥാനം. ഇത് എല്ലാവരും അംഗീകരിക്കുന്നു. വളരെ സൂക്ഷ്മ ബിന്ദുപോലെയാണ്. ഇതും അറിയാം പരംപിതാ പരമാത്മാവും ബിന്ദുരൂപമാണ്. ബാബ സ്വയം വന്ന് മനസ്സിലാക്കിത്തരികയാണ്. ഞാനും ബിന്ദുവാകുന്നു. പക്ഷേ മനുഷ്യർ വളരെ വലിയ രൂപം ജ്യോതിർലിംഗമുണ്ടാക്കി വെച്ചു, എങ്ങിനെയാണോ ബുദ്ധന്റെ വലിയ രൂപങ്ങളുണ്ടാക്കിയത്. പാണ്ഡവരുടെ ശരീരവും ഭക്തിമാർഗ്ഗത്തിൽ വളരെ വലുതുണ്ടാക്കുന്നു. ഭക്തിമാർഗ്ഗത്തിലെല്ലാം വളരെ വലിയ ചിത്രങ്ങളാണ്. ജ്ഞാനമാർഗ്ഗത്തിൽ എല്ലാം ചെറിയ ചിത്രങ്ങളാണ്. പരമാത്മാവ് പറയുകയാണ് ഞാനും ബിന്ദുവാണ്. പലയിടത്തും വലിയ ചിത്രങ്ങളാണ് വെച്ചിരിക്കുന്നത്. ഇല്ലായെങ്കിൽ ബിന്ദുവിനെ എങ്ങിനെ പൂജിക്കാൻ സാധിക്കും. പൂജ വലിയ സാധനങ്ങൾക്കാണ് ഉണ്ടാവുക. നിങ്ങൾക്ക് ബിന്ദുരൂപത്തെക്കുറിച്ച് മനസ്സിലാക്കിത്തന്നു. ഈ കാര്യത്തെ മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. നിങ്ങൾ കുട്ടികളും ആദ്യം ഇത് മനസ്സിലാക്കിയിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ എപ്പോഴാണോ പരിപക്വ അവസ്ഥയുണ്ടാകുന്നത്, അപ്പോൾ മനസ്സിലാക്കും ഇത് യഥാർത്ഥ കാര്യമാണ്. അഥവാ ആദ്യം മുതൽ ബാബ മനസ്സിലാക്കിത്തന്നിരുന്നെങ്കിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല, കാരണം ബിന്ദു എന്നു പറയുന്ന സാധനമില്ല. നമ്മൾ അംഗീകരിക്കില്ല. പരമ്പരയായി ശിവലിംഗമെന്നാണ് പറയുന്നത്, ഇത് പിന്നെന്താണ്? ബാബ മനസ്സിലാക്കിത്തരികയാണ് അത് തെറ്റാണ്. ഞാൻ നിങ്ങളുടെ പിതാവാണ്, ഞാൻ ബിന്ദുവാണ്. നിങ്ങളുടേയും ബിന്ദുരൂപമാണ്. പക്ഷേ പൂജക്കുവേണ്ടി വലിയ ശിംവലിംഗങ്ങളുണ്ടാക്കിയിരിക്കുന്നു. ആത്മാക്കളുടെ രൂപവും സാലി

ഗ്രാമത്തിലാണ് ഉണ്ടാക്കുന്നത്. പക്ഷേ അങ്ങിനെയല്ല. ആത്മാവ് ഇത്രയും വലുതല്ല. ആത്മാവിനെ കാണാൻ പോലും വളരെ പ്രയാസമാണ്. ഇത് മനസ്സിലാക്കാൻ വളരെ വലിയ ഗുഹ്യമായ കാര്യമാണ്. ആത്മാവും ബിന്ദുരൂപമാണ്. ഈ ചെറിയ ആത്മാവിൽ 84 ജന്മത്തിന്റെ പാർട്ടാണ്. ഒരു സെക്കന്റുപോലെയല്ല അടുത്തത്. 84 ജന്മത്തിന്റെ പാർട്ട് മുഴുവനും ഒരു ചെറിയ ആത്മാവിൽ അടങ്ങിയിട്ടുണ്ട്. ഇത് വളരെ അത്ഭുതകരമായ കാര്യമാണ്, മുഴുവൻ പാർട്ടും ബിന്ദുവിലാണ് അടങ്ങിയിരിക്കുന്നത്. നാടകം അഭിനയിക്കുന്നവരുടെ ബുദ്ധിയിലും മുഴുവൻ പാർട്ടും അടങ്ങിയിട്ടില്ലേ. അത് ചെറിയ പാർട്ടാണ്, ഈ 84 ജന്മത്തിന്റെ പാർട്ട് നല്ല രീതിയിൽ മനസ്സിലാക്കണം, പിന്നെ മനസ്സിലാക്കിക്കൊടുക്കാൻ നല്ല യുക്തി വേണം. ഇത്രയും ചെറിയ ബിന്ദുവാണ്, എത്ര ചെറുതാണ്, എത്ര ശക്തിവാനാണ്. അവരെ പരംപിതാ പരമാത്മാവെന്ന് പറയുന്നു. നിങ്ങൾ പരമാത്മാവുമായി യോഗം വെക്കുന്നതിലൂടെ മാസ്റ്റർ സർവ്വശക്തിവാനായി മാറുന്നു. മായയുടെ മേൽ വിജയം പ്രാപിച്ച് അചഞ്ചലവും അഖണ്ഡവും സുഖശാന്തിമയവുമായ രാജ്യം ഭരിക്കാം. എത്ര മനസ്സിലാക്കേണ്ട കാര്യമാണ്.

ഇത് പഠിപ്പാണ്, വളരെ സഹജവുമാണ്. ഇത് ബാബക്കേ മനസ്സിലാക്കിത്തരാൻ സാധിക്കൂ, ഒരു മനുഷ്യർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഇത്രയും ചെറിയ സാധനം പക്ഷേ എത്ര വലിയ പേരാണ് വച്ചിരിക്കുന്നത് – ജ്ഞാനത്തിന്റെ സാഗരൻ. നിങ്ങൾ പറയും മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്, ചൈതന്യമാണ്, സത്യമാണ്, അവിനാശിയാണ്. പറയാറുണ്ട് വരുമെന്ന്. പക്ഷേ ആരുടെ ബുദ്ധിയിലും ഇതില്ല – ബാബ എന്താണ്? ഗുണം വളരെയധികം പാടാറുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്. അറിഞ്ഞുകഴിഞ്ഞു. ആത്മാക്കൾ സന്മുഖത്ത് തന്നെയാണ്. എല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. എത്ര ചെറിയ ചെറിയ ബിന്ദുവാണ്, ചിന്തിക്കൂ. മൂലവതനത്തിന്റെ എന്തു ചിത്രമാണോ നമ്മൾ ഉണ്ടാക്കുന്നത് അതിൽ ബിന്ദുരൂപം കാണിക്കുന്നു. എങ്ങിനെയാണോ നക്ഷത്രങ്ങൾ ആകാശതത്വത്തിന്റെ മുകളിൽ നിൽക്കുന്നത്, അതേപോലെ മഹാതത്വത്തിൽ നമ്മളും നക്ഷത്രം പോലെ തന്റെ തന്നെ സെക്ഷനിൽ ഇരിക്കുന്നു. വൃക്ഷം ചെറിയ ചെറിയ നക്ഷത്രങ്ങൾ കൊണ്ട് ഉണ്ടാക്കിയതാണ്. അവിടെ നിന്നാണ് ആത്മാക്കൾ വരുന്നത്, ശരീരം ധാരണ ചെയ്യുന്നു – പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി. എങ്ങിനെയാണോ നമ്പർവാർ ആത്മാക്കൾ വരുന്നത് – ഇതു മുഴുവൻ ബുദ്ധിയിലും ഉണ്ടായിരിക്കണം. ഓരോ ധർമ്മത്തിന്റേയും സെക്ഷൻ വേറെയാണ്. ബാബ ഉദാഹരണത്തോടെ മനസ്സിലാക്കിത്തരികയാണ്. ആൽവൃക്ഷത്തിന്റെ ഉദാഹരണമാണ് മനസ്സിലാക്കിത്തരുന്നത്. ഹിന്ദി വളരെയധികം സ്ഥലങ്ങളിലും നടപ്പിലുണ്ട്, അതിനാൽ കുട്ടികൾ ഹിന്ദി ഭാഷയിൽ ആണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്. പരംപിതാ പരമാത്മാവുപോലും ഹിന്ദി ഭാഷയിലാണ് മനസ്സിലാക്കിത്തരുന്നത്. ഇന്നത്തെക്കാലത്ത് അവിടെയും ഇവിടെയുമൊക്കെ ഇതിന്റെ പ്രചാരം നടന്നുവരുന്നുണ്ട്. ഒരു ഭാഷ മാത്രമാകുക എന്നത് ബുദ്ധിമുട്ടാണ്. ചിലർ മനസ്സിലാക്കുന്നു പരംപിതാ പരമാത്മാവിന് എല്ലാ ഭാഷയും അറിയുന്നുണ്ടാകും. പക്ഷേ അങ്ങിനെയല്ല, അനേകാനേക ഭാഷകളാണ്, അതൊക്കെ പഠിക്കേണ്ടിവരും. പരംപിതാ പരമാത്മാവിന് ഒന്നും പഠിക്കേണ്ടതില്ല. ബാബ കഴിഞ്ഞ കൽപ്പത്തിൽ ഏത് ഭാഷയിലാണോ മനസ്സിലാക്കിത്തന്നത്, അതിലാണ് മനസ്സിലാക്കിത്തരുന്നത്. ബാക്കി ഭാഷകളെല്ലാം ഓരോരുത്തർക്കും പഠിക്കണം. ബാബക്കെന്താ പഠിക്കണോ? നിങ്ങൾ കണ്ടു ആദ്യം മുതലേ ഹിന്ദിയാണ്. എല്ലാവരും ഹിന്ദി പഠിച്ചു. ഭാരതത്തിൽ ഹിന്ദിക്കാണ് പ്രചാരം. ബാബയും ഹിന്ദിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഓരോരുത്തരും തന്റേതായ ഭാഷയിൽ തർജ്ജമ ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ബാബയുടേയും ബാബയുടെ രചനയുടെയും പരിചയം എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം. എല്ലാവരുടേയും സദ്ഗതി ദാതാവ് ഒരു ബാബയാണ്. ഇത് എല്ലാവരും അറിയും ബാബ വന്നുകഴിഞ്ഞു. ബാബ പറയുകയാണ് ഞാൻ ഭാരതത്തിലാണ് വരുന്നത്. ഭാരതം എന്റെ ജന്മദേശമാണ്.ശിവന്റെ ക്ഷേത്രം, ദേവീക്ഷേത്രം ഇതെല്ലാം ഇവിടെയാണ്. ദേവീദേവതകളുടെ രാജ്യവും ഭാരതത്തിലാണ്. ബാബയും ഭാരതത്തിലേക്കാണ് വരുന്നത്. ദേവീദേവതാധർമ്മത്തിന്റെ സ്ഥാപനയും ഇവിടെയാണ് ചെയ്യുന്നത്. ക്ഷേത്രവും ഇവിടെയാണ് വേണ്ടത്. വേറെ എവിടെയും ഇത്ര ക്ഷേത്രങ്ങളില്ല. ഇവിടെ വളരെയധികം ക്ഷേത്രമാണ്. വീടുകൾ തോറും ലക്ഷ്മീനാരായണന്റെ ചിത്രം, രാധാകൃഷ്ണന്റെ ചിത്രം, രാമസീതയുടെ ചിത്രങ്ങൾ വെക്കുന്നു. കാരണം ഇവരെല്ലാം ഭാരതത്തിൽ ഉണ്ടായിരുന്നു. പക്ഷേ അവരെങ്ങനെയാണ് രാജ്യം നേടിയത്, അത് മറന്നുപോയി. ചൈതന്യത്തിൽ രാജ്യം ഭരിച്ചുപോയവരാണ്. ലക്ഷ്മീനാരായണൻ വൈകുണ്ഠത്തിന്റെ മഹാരാജാ മഹാറാണിയായിരുന്നു. അവരുടെ രാജ്യം എത്ര സമയമുണ്ടായിരുന്നു? ഇതും മനസ്സിലാക്കി. വായിലൂടെ പറയാറുണ്ട് ക്രൈസ്റ്റിന് 3000 വർഷം മുമ്പേ ദേവീദേവതകളുടെ രാജ്യം ഉണ്ടായിരുന്നു. ക്രിസ്തുവിന് 2000 വർഷം ആയല്ലോ. ആരാണോ ഇങ്ങിനെ പറയുന്നത്, അവർക്ക് കാര്യത്തിലൂടെ തന്നെ മനസ്സിലാക്കിക്കൊടുക്കണം. ഇങ്ങിനെ പറയാറുണ്ട് ക്രിസ്തുവിന് 3000 വർഷം മുമ്പേ ദേവീദേവതകളടെ രാജ്യം ഉണ്ടായിരുന്നു അതായത് സ്വർഗ്ഗം ഉണ്ടായിരുന്നു. ക്രൈസ്റ്റും സ്വർഗ്ഗത്തിലുണ്ടായിരുന്നു എന്നല്ല. അപ്പോൾ ചോദിക്കും ക്രിസ്റ്റ്യാനികൾ അപ്പോൾ എവിടെ

യായിരുന്നു? അവരുടെ ആത്മാക്കൾ എവിടെയായിരുന്നു? ഇസ്ലാം, ബൗദ്ധി, ക്രൈസ്തവ ആത്മാക്കളെല്ലാം എവിടെയായിരുന്നു. ഇത് മനസ്സിലാക്കിക്കൊടുക്കാൻ വളരെ സഹജമാണ്. അവരെല്ലാം നിർവ്വാണധാമം അഥവാ നിരാകാരി ലോകത്തിലായിരുന്നു. നിരാകാരി ലോകവുമുണ്ട്. തീർച്ചയായും ലോകത്തിൽ വളരെക്കൂടുതൽ പേർ വസിക്കുന്നുണ്ടാകും. എല്ലാ ആത്മാക്കളുടേയും നിവാസസ്ഥാനം മഹത് തത്വമായ നിരാകാരി ലോകത്തിലാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട് ഈ സമയം എല്ലാ ദേവാത്മാക്കളും ഹാജരാണ്. അപ്പോഴാണ് ബാബ വരുന്നത്, വീണ്ടും ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ. മനസ്സിലാക്കിക്കൊടുക്കൂ, ഏത് ധർമ്മവും ആദ്യം വരുമ്പോൾ വളരെ ചെറുതായിരുന്നു. ചെറിയ ചെറിയ ശാഖകൾ എപ്പോഴാണോ ഉണ്ടായി അവ പൂർണ്ണമാകുന്നത്, അപ്പോൾ നിങ്ങളുടെ ഈ ഫൗണ്ടേഷനും പൂർത്തിയാകും.

വൃക്ഷത്തിന്റെയും ബീജത്തിന്റെയും ഈ രഹസ്യം മനസ്സിലാക്കിക്കൊടുക്കാൻ വളരെ സഹജമാണ്. മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷം വളരെയധികം ധർമ്മങ്ങളുടേതാണ്. ഇങ്ങനെ പറയും ആദ്യം ഈ ധർമ്മം ഉണ്ടായിരുന്നു ഈ ധർമ്മം ഉണ്ടായിരുന്നില്ല. ഇപ്പോൾ ചെറിയ ചെറിയ ധർമ്മങ്ങൾ പോലും ഉണ്ടാകുന്നു. മുമ്പ് ഉണ്ടായിരുന്നില്ല. ചെറിയ ചെറിയ ശാഖകൾ ഇപ്പോഴാണ് ഉണ്ടാകുന്നത്. ഇത് നിങ്ങളേ അറിയുന്നുള്ളു മറ്റാരും അറിയുന്നില്ല. ആത്മാവിന്റേയും പരമാത്മാവിന്റേയും ബിന്ദുരൂപത്തേയും അറിയുന്നില്ല. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് വന്ന് മനസ്സിലാക്കിത്തന്നു. നിങ്ങൾ പറയും ബാബാ ഞങ്ങൾ അങ്ങയുടേതാണ്. കൽപം മുമ്പും അങ്ങയെ കണ്ടുമുട്ടിയിരുന്നു. അങ്ങയുടെ കുട്ടിയായി മാറിയിരുന്നു, ബാബയിൽനിന്നും സമ്പത്ത് എടുക്കാൻ. ബാബ പറയുന്നു നിങ്ങൾ എന്റേതാണ്, ദത്തെടുത്തു, മുഖവംശാവലികളായി മാറി. നിങ്ങളെല്ലാവരും ദത്തെടുക്കപ്പെട്ടവരാണ്. ബാബയും ബ്രഹ്മാമുഖത്തിലൂടെ പറയുന്നു – നിങ്ങൾ ആത്മാക്കൾ എന്റേതാണ്. നിങ്ങൾ ആത്മാക്കളും പറയും ബാബാ അങ്ങ് ബ്രഹ്മാവിന്റെ ശരീരത്തിലേക്ക് വന്ന് തന്റെ പരിചയം നൽകൂ. ഞങ്ങൾ അങ്ങയുടേതാണ്. ബാബാ എന്ന് പറയുന്നതിലൂടെ തന്നെ സമ്പത്തിന്റെ സുഗന്ധം വരണം. മക്കൾക്കേ പറയാൻ സാധിക്കൂ. ഇതാണ് പ്രവർത്തിമാർഗ്ഗം.സന്യാസിമാരുടെ ശിഷ്യരാകുന്നു, പക്ഷെ അത് അച്ഛനും മക്കളുമാകുന്നില്ല. സമ്പത്ത് അച്ഛനിൽനിന്നും വസ്തുവഹകളായി ലഭിക്കുന്നു. അവർ പറയുന്നു ഞങ്ങൾ ഗുരുവിന്റേതായി. ഗുരുവിൽ നിന്നൊരിക്കലും വസ്തുവഹകളായി സ്വത്ത് കിട്ടില്ല. അവർ വസ്തുവഹകൾ ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നു. അവർക്ക് വസ്തുവഹകൾ കൊടുക്കാൻ സാധിക്കില്ല. അത് നിവൃത്തിമാർഗ്ഗം തന്നെയാണ്. ബാബയാണെങ്കിൽ സമ്പത്ത് നൽകുന്നു, സന്യാസിമാരിൽനിന്ന് ഒന്നും കിട്ടില്ല. കാട്ടിൽ പോയാൽ സന്യാസി എന്ന് പറയും. നിങ്ങളും സന്യാസിമാരെന്നാണ് അറിയപ്പെടുക.അവർ ഹഠയോഗി സന്യാസിയാണ്. നിങ്ങൾ രാജയോഗി സന്യാസിയാണ്. സന്യാസി അർത്ഥം 5 വികാരങ്ങളെ ത്യാഗം ചെയ്തവർ. നിങ്ങളും ത്യാഗം ചെയ്യുന്നു. പിന്നീട് പവിത്രലോകത്തിലേക്ക് പോകുന്നു. അവരും ത്യാഗം ചെയ്യുന്നു പക്ഷേ പവിത്രമായ ലോകത്തിലേക്ക് പോകുന്നില്ല, പതീതലോകത്തിൽത്തന്നെയിരിക്കും.

ബാബ മനസ്സിലാക്കിത്തരികയാണ് ആത്മാവ് എത്ര ചെറുതാണ് ! ഇത്രയും ചെറിയ വസ്തുവിന് എത്ര ശക്തിയാണ്, അവിനാശിയുമാണ്. ബാബയും ഈ ശരീരത്തിലൂടെ മനസ്സിലാക്കിത്തരികയാണ്. നിങ്ങൾ ആത്മാക്കൾ മനസ്സിലാക്കുന്നു. ബാബ പറയുകയാണ് ഞാൻ ആത്മാവും വരുന്നത് അപ്പോഴാണ് എപ്പോഴാണോ കലിയുഗത്തിന്റെ അന്ത്യം, തമോപ്രധാന പതീതമാകുന്നത്. എന്നെ ഓർമ്മിക്കുന്നതും അപ്പോഴാണ് എപ്പോഴാണോ സംഗമമുണ്ടാകുന്നത് അപ്പോഴാണ് ഞാനും വരുന്നത്, അപ്പോഴാണ് വിനാശത്തിന്റെ അടയാളങ്ങളും കാണാൻ സാധിക്കുക. ഇപ്പോൾ നിങ്ങൾക്ക് വിവേകം ലഭിച്ചു. ആ വിവേകം മറ്റുള്ളവർക്കും കൊടുക്കണം. ഇപ്പോൾ കലിയുഗത്തിന്റെ അവസാനമാണ്. യാദവരും കൗരവരും പാണ്ഡവരുമുണ്ട്, മഹാഭാരതയുദ്ധവുമുണ്ട്. കൃത്യം ആ സമയത്ത് രാജയോഗവും പഠിച്ചിട്ടുണ്ടായിരുന്നു. പാണ്ഡവർ വിജയം പ്രാപിച്ചു, യാദവർക്കും കൗരവർക്കും വിനാശമുണ്ടായി. സ്വർഗ്ഗത്തിൽ ഒരു ധർമ്മമാണുണ്ടായിരുന്നത്. അനേക ധർമ്മത്തിന് വിനാശമുണ്ടാകുന്നു. ഇത് ബാബ മനസ്സിലാക്കിത്തരികയാണ്. കുട്ടികൾക്കറിയാം ബാബ ഈ രാജയോഗത്തിന്റെ ശിക്ഷണത്തിലൂടെ നമുക്ക് ദേവീദേവതാപദവി പ്രാപ്തമാക്കിക്കുന്നു. നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ് ഞങ്ങൾ നരനിൽനിന്നും നാരായണനായി മാറും, സിംഹാസനധാരിയായി മാറും. എത്ര പുരുഷാർത്ഥം ചെയ്യുന്നോ അതിനനുസരിച്ച് പദവി പ്രാപിക്കും. പുരുഷാർത്ഥികൾ ഒളിഞ്ഞിരിക്കില്ല, അവർ വളരെ ലഹരിയുള്ളവരായിരിക്കും. ആദ്യമാദ്യം പ്രതിജ്ഞ ചെയ്യുന്നു. ബാബയുടെ അവതരണത്തിനുശേഷമാണ് രക്ഷാബന്ധൻ. ബാബയെ അറിഞ്ഞു എങ്കിൽ ആദ്യം പ്രതിജ്ഞ ചെയ്യണം. ബാബ പറയുകയാണ് കാമം മഹാ ശത്രുവാണ്. ദാനം ചെയ്യേണ്ടത് പഞ്ചവികാരങ്ങളെയാണ്. പക്ഷേ അതിൽ ആദ്യമാദ്യം മുഖ്യമായത് കാമമാണ്. വളരെ കരുതലോടെ ഇരിക്കണം. സ്ത്രീ ഒപ്പമുണ്ടായിക്കോട്ടെ, ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും പവിത്രമായിട്ടിരിക്കണം ഇത് പരിശ്രമമുള്ള ജോലിയാണ്. സർവ്വശ

ക്തിവാനായ ബാബയെ ഓർമ്മിച്ച് ബാബയുടെ ശ്രീമത്തിലൂടെ നടക്കുന്നതിലൂടെ ശക്തി ലഭിക്കും. ബാബ യുടെ ആജ്ഞയാണ് - കൂടെയിരുന്നും ഒരുമിച്ചിരുന്നും പവിത്രമായിരിക്കണം. മുമ്പ് സ്ത്രീയും പുരു ഷനും ഒരുമിച്ചിരിക്കുന്നതിലൂടെ കത്തിപ്പിടിക്കുമായിരുന്നു. ബാബ പറയുന്നു ഒരുമിച്ചിരിക്കൂ, പക്ഷേ തീ കത്തിപ്പിടിക്കരുത്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1) ഹൃദയം കൊണ്ട് ബാബയെ ഓർമ്മിച്ച് സമ്പത്തിന്റെ സന്തോഷത്തിലിരിക്കണം. തീർച്ചയായും സമ്പൂർണ്ണ പാവനമായി മാറണം.

2) ചിന്തനം ചെയ്യൂ - ആത്മാവ് എത്ര ചെറുതാണ് അതിൽ എത്ര അവിനാശിയായ പാർട്ടാണ് അടങ്ങിയി രിക്കുന്നത്. ബിന്ദുവായി മാറി ബിന്ദുവായ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം.

### വരദാനം:- സ്വ മനസ്സോടെയും ദൃഢ സങ്കൽപ്പത്തോടെയും ഒന്ന് കൊടുത്ത് കോടി നേടുന്നവരായ സമർത്ഥശാലികളായി ഭവിക്കട്ടെ.

സമർത്ഥശാലികളായ കുട്ടികൾ കല്ലും മണ്ണും നിറഞ്ഞ ഉണങ്ങിയ അരി കൊടുത്ത് ഒന്നിന് കോടി മടങ്ങ് ഭാഗ്യം ഉണ്ടാക്കുന്നു. കേവലം അരി കൊടുക്കുകയും പകരമായി സർവ്വ ശക്തികളും സർവ്വ ഖജനാവുകളും മുപ്പത്താറ് തരങ്ങളിലധികം എടുക്കുന്നു. പക്ഷെ പല കുട്ടികളും അത് പോലും കൊടുക്കേണ്ട സമയത്ത് സുദാമാവിനെപ്പോലെ കക്ഷത്ത് ഒളിപ്പിച്ചുവെക്കുന്നു. ബാബക്ക് പിടിച്ച് വാങ്ങാം പക്ഷെ പിടിച്ച് വാങ്ങിയാൽ അതിന്റെ റിട്ടേൺ അത്രയും ലഭിക്കില്ല. അതിനാൽ സ്വമനസ്സാലെയും ദൃഢ സങ്കൽപ്പത്തോടെയും ഒന്ന് കൊടുത്ത് കോടി നേടൂ- ഇത് തന്നെയാണ് സാമർത്ഥ്യം. ഈ കൊടുക്കലിൽ തന്നെയാണ് മംഗളമുള്ളത്.

### സ്ലോഗൻ:- സാക്ഷിസ്ഥിതിയിലിരുന്ന് നിർമ്മോഹിയായി ഓരോ കളിയും വീക്ഷിക്കുന്നവർ തന്നെയാണ് സാക്ഷീ-ദൃഷ്ടാവ്.